(ഇ) ഇല്ല. കാഡ്മിയത്തിന്റെ ഉറവിടം വെളിപ്പെടുത്തണമെന്നുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം കമ്പനി നടപ്പാക്കിയിട്ടില്ല.

ഭൂജല വകുപ്പ് ഖരമാലിന്യങ്ങളുടെ പരിശോധന നടത്തിയിട്ടില്ല.

(എഫ്) ഉണ്ട്. ഫാക്ടറിയിൽ നിന്നുണ്ടാകുന്ന ഖരമാലിന്യത്തിൽ കാഡ്മിയത്തിന്റെ അളവ് പരിധിക്ക് മുകളിൽ കണ്ടതിനാൽ ഈ ഖരമാലിന്യം 'ഹസാർഡ്സ് വേസ്റ്റ് റൂൾസ്'-ന്റെ പരിധിയിൽ കൊണ്ടുവരികയും ഫാക്ടറിയിൽ നിന്നുണ്ടാകുന്ന ഖരമാലിന്യം പുറത്ത് വിതരണം ചെയ്യുന്നതും ഫാക്ടറി പരിസരത്ത് വളമായി ഉപയോഗിക്കുന്നതും നിർത്തണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകി. ഖരമാലിന്യം 'ഹസാർഡ്സ് വേസ്റ്റ് റൂൾസ്' അനുസരിച്ച് കൈകാര്യം ചെയ്യുവാനും റൂൾസ് പ്രകാരമുള്ള ബോർഡിന്റെ ഓതറൈസേഷൻ കരസ്ഥമാക്കാനും ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകുകയും ഇതനുസരിച്ച് കമ്പനി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖ അനുസരിച്ചുള്ള സെക്യൂർഡ് ലാൻഡ് ഫിൽ നിർമ്മിച്ചിട്ടുമുണ്ട്.

സത്യൻ നഗർ കടവിന് ഇരുവശത്തുമുള്ള ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി

54 [2663] ശ്രീ. ബി. വിജയകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ത്രിവിക്രമംഗലം ശ്രീമഹാവിഷ്ണുക്ഷേത്രം വക കരമനയാറിൽ സത്യൻ നഗർ കടവിന് ഇരുവശത്തുമുള്ള ഭൂമി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തിക്ക് ജലസേചന വകുപ്പ് ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ജില്ലാ കളക്ടർക്ക് വേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(ബി) ദർഘാസ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

ചിറക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

55 [2664] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പിന് കീഴിലുള്ള ചിറക്കൽപടി-കാഞ്ഞിരപ്പുഴ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly